കേരള സർക്കാർ

# എടത്തല ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി10)1502/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 26.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
എടത്തല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെപരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടത്തല ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി10)1502/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 26.09.2017

## എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം
:

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.07.2017 മുതൽ 21.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അബ്ദുൾ സലാം.ടി.ഐ, ഓഡിറ്റ് ഓഫീസർ |
| | മിനു.പി.കെ., ഓഡിറ്റ് ഓഫീസർ |
| | ബബിത.ബി.കുമാർ,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ഷിബു പൗലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി സാജിത അബ്ബാസ് | 01.04.2016 | 31.03.2017 |
| വൈസ് പ്രസിഡന്റ് | ശ്രീ.വി.എം.അബൂബക്കർ | 01.04.2016 | 31.03.2017 |
| സെക്രട്ടറി | ശ്രീമതി. എം.എച്ച്.അമീന | 01.04.2016 | 29.4.2016 |
| | ശ്രീമതി. ശ്രീദേവി കെ ജി (സെക്രട്ടറി-ഇൻ-ചാർജ്) | 30.04.2016 | 16.05.2016 |
| | ശ്രീമതി. എം.എച്ച്.അമീന | 17.05.2016 | 01.07.2016 |
| | ശ്രീമതി. ശ്രീദേവി കെ ജി (സെക്രട്ടറി-ഇൻ-ചാർജ്) | 02.07.2016 | 29.09.2016 |
| | ശ്രീമതി. സീന.പി.വി | 30.09.2016 | 02.01.2017 |
| | ശ്രീമതി. സിന്ധു.പി. | 03.01.2017 | 17.01.2017 |
| | ശ്രീമതി.സുഷമ കുമാരി | 18.01.2017 | 01.02.2017 |
| | ശ്രീമതി. സീന.പി.വി | 02.02.2017 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീദേവി.കെ.ജി. | 01.04.2016 | 29.09.2016 |
| | ശ്രീ. റോഷിൻകോശി (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്) | 30.09.2016 | 16.01.2017 |
| | ശ്രീമതി.സുഷമ കുമാരി | 17.01.2017 | 01.02.2017 |
| | ശ്രീമതി. മിനി.ടി.പി. (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്) | 02.02.2017 | 09.02.2017 |
| | ശ്രീമതി.റുബിന.എച്ച്. | 10.02.2017 | 31.03.2017 |
| വി.ഇ.ഒ. എടത്തല സർക്കിൾ | ശ്രീ.മനോജ്.ടി.ആർ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴിവേലിപ്പടി | ശ്രീമതി.സ്മിത അന്ന തോമസ് | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീ.വി.പി.സുധീശൻ | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.വിനില.സി.വി. | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ സ്റ്റീഫൻ.കെ.കെ. | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. ജ്ജൂണി ചാണ്ടി | 01.04.2016 | 31.03.2017 |
| സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.മിനിമോൾ.വി.എൻ. | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.അനിത് ആന്റണി | 01.04.2016 | 27.062016 |
| | ഡോ.അഞ്ജുഅലക്സ് | 28.06.2016 | 31.03.2017 |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജെസ്സി ഉരുപ്പ് | 01.04.2016 | 31.03.2017 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ഷിജി | 01.04.2016 | 31.03.2017 |

ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-1 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 14 | ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകത | 2-3 |
| | ഭാഗം 3 | |
| 15 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രോജക്ടുകൾ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-1 |
| 16 | സ്ട്രീറ്റ് ലൈറ്റ് അരിയർ തുക നൽകിയത് സംബന്ധിച്ച്. | 3-2 |
| 17 | നിയമസഭ തെരഞ്ഞെടുപ്പ് 2016 - പോളിംഗ് സ്റ്റേഷനുകളിൽ റാമ്പ് സൗകര്യം ഒരുക്കിയത് | 3-3 |
| 18 | ആദായനികുതി ഈടാക്കിയില്ല. | 3-4 |
| 19 | കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തില്ല - തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 20 | വിനിയോഗ സാക്ഷ്യത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 21 | ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തിയായില്ല. | 3-7 |
| 22 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി- ശരിയായ രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. | 3-8 |
| 23 | തുക മുൻകൂറായി നല്കിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല | 3-9 |
| 24 | ഭവന നിർമ്മാണം – കൂടുതൽ വിസ്തീർണ്ണത്തിൽ വീട് പണി പൂർത്തീകരിച്ചു | 3-10 |
| 25 | സൗരോർജ്ജ പാനൽ സ്ഥാപിക്കൽ - പ്രവൃത്തിക്കായി പണം ചെലവാക്കുന്നതിനോടൊപ്പംതന്നെ വൈദ്യുതി ചാർജ്ജും നല്കിപ്പോരുന്നു | 3-11 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 36 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 27.02.2016ലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 10,51,26,541 | 10,21,17,000 |
| വാർഷിക കണക്കുകൾ പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 6,59,77,869 | 4,87,03,284 |
| വ്യത്യാസം | 3,91,48,672 | 5,34,13,716 |

വരവു ചെലവു പത്രിക പ്രകാരമുള്ള കണക്കുകളിൽ എം.എൻ.ആർ.ഇ.ജി.എസ്., ബി-ഫണ്ട് എന്നീ ഇനങ്ങളിലുള്ള 4.52 കോടി രൂപയുടെ വിവരങ്ങൾ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കുകൾ പരിശോധിച്ചാൽ ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക കണക്ക് പ്രകാരമുള്ള കണക്കുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 13.07.2017 |

വാർഷിക ധനകാര്യപത്രിക നിശ്ചിത സമയപരിധിയിൽ ഓഡിറ്റിന് ലഭ്യമാക്കിയെന്ന് പ്രത്യേകം പരാമർശിക്കുന്നു.

.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനത കാണുന്നു
സ്ഥിരനിക്ഷേപം എന്ന ശീർഷകത്തിൽ ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള തുക 31.03.2018ൽ കാലാവധി പൂർത്തിയാക്കിക്കഴിയുമ്പോൾ ലഭ്യമാകുന്നത് സ്ഥിരനിക്ഷേപത്തുകയാണ്. അതിനാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,22,07,622.00 |
| വരവ് | 6,59,77,869.00 |
| ആകെ | 8,81,85,491.00 |
| ചെലവ് | 4,87,03,284.00 |
| നീക്കിയിരിപ്പ് | 3,94,82,207.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 7185647 | 7185647 | 7185647 | 0 | 100 |
| എസ്.സി. പി. | 0 | 2367083 | 2367083 | 2367083 | 0 | 100 |
| ടി.എസ്. പി. | 0 | 50000 | 50000 | 50000 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 5343736 | 5343736 | 5343736 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2780767 | 2780767 | 2780767 | 0 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2866964 | 2866964 | 2866964 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5908045 | 5908045 | 5908045 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 995 | 9740045 | 9741040 | 9719469 | 21571 | 99.99 |
| ബി ഫണ്ട് | 0 | 49498350 | 49498350 | 49498350 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 87429704 | 91 | 31820875 | 77 | 30 | 45.96 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 40% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,56,11,843 | 2,01,74,670 | 45,62,827 | 29.2 (+) |
| നികുതിയേതര വരവുകൾ | 13,02,950 | 33,86,170 | 20,83,220 | 160 (+) |
| മറ്റുവരവുകൾ | 3,18,513 | 5,86,156 | 2,67,643 | 84 (+) |
| ആകെ | 1,72,33,306 | 2,41,46,996 | 69,13,690 | 40 (+) |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81,720 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 37,14,060 | 352 |
| വിധവാപെൻഷൻ | 1,53,90,530 | 1350 |
| വാർദ്ധക്യകാല പെൻഷൻ | 2,59,24,040 | 1468 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 41,53,200 | 328 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,34,800 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 19.07.2017ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 10618/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പരിമിതമായ ഫ്രണ്ട് ഓഫീസ് സൗകര്യത്തിലാണ് പഞ്ചായത്ത് പ്രവർത്തിക്കുന്നത്. വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിലെത്തുന്ന ജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട്. എന്നാൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ വാർഡ് തിരിച്ച് തയ്യാറാക്കിയിട്ടില്ല. ഇത് വാർഡ് തിരിച്ച് തയ്യാറാക്കി സൂക്ഷിക്കുന്നത് നല്ലതായിരിക്കും.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് എജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.07.2017 മുതൽ 15.07.2017 വരെ | 06/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.05.2009 മുതൽ 30.05.2009 വരെ | 2004-05 മുതൽ 2008-09 വരെ | 19.06.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

(എ) ഒരു അർദ്ധവർഷത്തെ മാത്രം നികുതി ഈടാക്കി :-

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ ന്യൂനതകൾ കാണുന്നു.

ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ജീവനക്കാരന്റെ അർദ്ധവാർഷിക ശമ്പളം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| സെന്റ് അൽഫോൻസ കൺസൾട്ടൻസി, ചൂണ്ടി | സന്തോഷ് വർഗീസ് | 1,60,000 | 1,250 |
| | ഐശ്വര്യ എം.എസ്. | 60,000 | 600 |
| ഡി.എച്ച്.എൽ. സപ്ലൈ ചെയിൻ ഇൻഡ്യ ലി. | സലാഹുദ്ദീൻ കെ.പി | 1,25,000 | 1,250 |
| | ഡിനു ബാലൻ | 1,25,000 | 1,250 |
| | മുരുകേശ് എസ്സ്.പി | 1,25,000 | 1,250 |
| | നിമ്മസ് തോമസ്സ് | 1,25,000 | 1,250 |
| | രഘുനാഥൻ | 1,25,000 | 1,250 |
| ശ്രേയസ് എനർജി പ്രോപ്പർട്ടീസ്, എടത്തല | ബാബു ജയിംസ് | 17,940 | 120 |
| | ഷിന്റോ മോൻ | 17,940 | 120 |
| | സജി ജയിംസ് | 17,940 | 120 |
| | ഷെറീഫ് | 17,940 | 120 |

| | | | |
|---|---|---|---|
| | തെസ്സി | 17,940 | 120 |
| | റെജി | 17,940 | 120 |
| ആകെ | | | 8,820 |

മേൽപ്രകാരം തൊഴിൽനികുതി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ബി) രണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല :-
(i) വിമലഹൃദയ ഇംഗ്ലീഷ് മീഡിയം സ്കൂൾ, എട്ടേക്കർ.
(ii) ജോമൗണ്ട് പബ്ലിക് സ്കൂൾ, ചുണങ്ങംവേലി.
ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

എടത്തല സർവ്വീസ് സഹകരണ ബാങ്കിന്റെ വിവിധ ശാഖകളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :-

| ശാഖയുടെ പേര് | ഒന്നാം അർദ്ധവർഷം ഈടാക്കേണ്ട നികുതി | രണ്ടാം അർദ്ധവർഷം ഈടാക്കേണ്ട നികുതി | ആകെ |
|---|---|---|---|
| നൊച്ചിമ | 1,250 | 1,250 | 2,500 |
| പുക്കാട്ടുപടി | 1,250 | 1,250 | 2,500 |
| പേങ്ങാട്ടുശ്ശേരി | 1,250 | 1,250 | 2,500 |
| ചൂണ്ടി | 1,250 | 1,250 | 2,500 |
| ആകെ | 5,000 | 5.000 | 10,000 |

മേൽ പ്രകാരം എടത്തല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും നികുതി ഈടാക്കി, തനതു വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് നൽകിയതിലെ അപാകത.

ഓറിയോൺ പ്ലൈവുഡ് ഇൻഡസ്ട്രീസ്, എടത്തല എന്ന സ്ഥാപനത്തിന് വനം വകുപ്പ് മലയാറ്റൂർ ഡിവിഷൻ ഓഫീസിൽ നിന്നും 01.07.2015ൽ 35/2015-16 നമ്പർ പ്രകാരം ലഭിച്ചിട്ടുള്ള ലൈസൻസ് പ്രകാരം പ്രവർത്തിപ്പിക്കാവുന്ന യന്ത്രങ്ങൾ 163 കുതിരശക്തിയുള്ളവ വരെ മാത്രമാണ്. എന്നാൽ 2016-17 വർഷത്തേയ്ക്ക് 550 കുതിരശക്തിയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് ഗ്രാമപഞ്ചായത്തിൽ നിന്നും 01.04.2016ലെ നം.207/2016-17 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ FIRE NOCയിൽ 550HP എന്ന് രേഖപ്പെടുത്തിയിരുന്നു എന്നുമാത്രമായതുകൊണ്ട് മറുപടി അംഗീകരിക്കുന്നില്ല. കൂടുതൽ ശേഷിയുള്ള യന്ത്രങ്ങൾ വനം വകുപ്പിന്റെ അനുമതിയില്ലാതെ പ്രവർത്തിപ്പിക്കുന്നത് Kerala Forest (Regualtion of Saw Mills and other Wood Based Industrial Units) Rule 2012ലെ റൂൾ 8(ix)ന്റെ ലംഘനമാണ്. വനംവകുപ്പിന്റെ അനുമതിയില്ലാതെ കൂടുതൽ കുതിരശക്തിയുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ പഞ്ചായത്ത് ലൈസൻസ് നൽകിയത് തെറ്റായ നടപടിയാണ്. ആയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രോജക്ടുകൾ രേഖകൾ ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രോജക്ടുകളുടെ ഗുണഭോക്തൃ സമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ മിനിറ്റ്സ് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ ഓഡിറ്റ് എൻക്വയറി നം. 12

പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ നടത്തിയ ചെലവ് 9,22,772/- രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | കൺവീനറുടെ പേര് | എഗ്രിമെന്റ് നം. | നൽകിയ തുക |
|---|---|---|---|---|---|
| 152/17 | മേജർമിൽട്ടൺ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കൽ | 92000 | സുധാകരൻ | 41/AE/E16-17 25-02-2017 | 83,792 |
| 76/17 | ചൂണങ്ങംവേലി - അരമനക്കിന്ന് റോഡ് ചപ്പാത്ത് നിർമ്മാണം | 60000 | അനസ് | 37/AE/E16-17 20-02-2017 | 54,390 |
| 162/17 | തബലക്കാട്ട് കോളനി നവീകരണം | 465000 | വേലായുധൻ ടി.ടി. | 33/AE/E16-17 20-02-2017 | 4,27,215 |
| 168/17 | NAD മുഗൾ 85-ാം നമ്പർ അങ്കണവാടി പൂർത്തീകരണം | 430000 | മുഹമ്മദ് സുഹയിൽ | 45/AE/E16-17 27-02-2017 | 3,57,375 |
| ആകെ | | | | | 9,22,772 |

## 3-2 സ്ട്രീറ്റ് ലൈറ്റ് അരിയർ തുക നൽകിയത് സംബന്ധിച്ച്.

895878/10.02.17 –KSEB രസീത് നമ്പർ
73186/10.02.17 –ചെക്ക് നമ്പർ
വൗച്ചർ നമ്പർ – 21600813/2-14 & 348582

എടത്തല ഗ്രാമപഞ്ചായത്തിൽ പുതിയ സ്ട്രീറ്റ് ലൈറ്റ് 2013-14 & 2014-15 കാലയളവിൽ സ്ഥാപിച്ചതിന് അരിയർ തുകയായി ₹848582/- അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള KSEB അസി. എഞ്ചിനീയറുടെ KBLM/15-16/203/18.1.17 കത്തിലെ നിർദ്ദേശാനുസരണം തുക മേൽ വൗച്ചർ പ്രകാരം അടയ്ക്കുകയുണ്ടായി. കൂടാതെ പ്രതിമാസ അടവ് തുക (നിലവിലുള്ളത് ₹147958/-) ₹.157696/- ആയി പുനർനിർണ്ണയിച്ചതായും അറിയിച്ചിട്ടുണ്ട്. KSEBയിൽ നിന്നുള്ള കത്തിനെ തുടർന്ന് പഞ്ചായത്ത് വസ്തുതകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന് ശേഷമാണോ തുക അടവാക്കിയത് എന്ന് വ്യക്തമാക്കേണ്ടതും ആയത് സംബന്ധിച്ച രജിസ്റ്ററുകളും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ടുവെങ്കിലും ഇവയൊന്നും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് ₹.848582/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 നിയമസഭ തെരഞ്ഞെടുപ്പ് 2016 - പോളിംഗ് സ്റ്റേഷനുകളിൽ റാമ്പ് സൗകര്യം ഒരുക്കിയത്

2016ലെ നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ 01.04.16 ലെ H1-66788/15-ാം നമ്പർ കത്തിലെ നിർദ്ദേശാനുസരണവും പഞ്ചായത്ത് കമ്മിറ്റിയുടെ 1/19.4.16 ലെ തീരുമാനപ്രകാരവും പഞ്ചായത്ത് ഗവ. ഹൈസ്കൂൾ നൊച്ചിമ, ചൂണ്ടി വില്ലേജ് ഓഫീസ്, ഗവ. ഹൈസ്കൂൾ എടത്തല എന്നിവിടങ്ങളിലെ പോളിംഗ് കേന്ദ്രങ്ങളിൽ റാമ്പ് സൗകര്യം നിർമ്മിച്ചതിന് കരാറുകാരനായ ശ്രീ. പി.കെ.ബഷീറിന് താഴെ പറയുംപ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക |
|---|---|
| 21600196 – 6/16 | 119222 |
| | 22639 |
| | 93623 |
| ആകെ | 235483 (ചെക്ക് നമ്പർ - 65897/9.6.16) |

പ്രവൃത്തി നിർവ്വഹിച്ച കരാറുകാരനിൽ നിന്നും ആദായ നികുതി, KCWWF, VATഎന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ M Book സഹിതം ഓഡിറ്റിന് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.6 നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ആയതിനാൽ ഈയിനത്തിൽ നടത്തിയ 235483/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ആദായനികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, എടത്തല നടപ്പിലാക്കിയ പ്രോജക്ട് നം. 186/2017 പാലിയേറ്റീവ് കെയർ യൂണിറ്റുമായി ബന്ധപ്പെട്ട് KL-48/399 വാഹനം ഓടിയ വകയിൽ പി.സി.വർഗ്ഗീസ് എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,72,800/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി ആക്ട് സെക്ഷൻ 194c അനുസരിച്ച് ട്രാൻസ്പോർട്ട് കോൺട്രാക്ട് ചെലവ് പ്രതിവർഷം 75,000 രൂപയിൽ അധികം വരുന്ന തുകയിൽ നിന്നും 1% ആദായനികുതി ഈടക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | ബിൽ തുക | വാടകയിനത്തിൽ നൽകിയ തുക |
|---|---|---|
| 1/16-17,15.10.16 | 138600 | 72000 |
| 2/16-17,22.11.16 | 55930 | 28800 |
| 3/16-17,28.1.17 | 59040 | 28800 |
| 4/16-17,03.3.17 | 28080 | 14400 |
| 5/16-17,30.3.17 | 218350 | 28800 |
| ആകെ | 500000 | 172800 |

ആയതിനാൽ 1,72,800/- രൂപയുടെ 1% തുകയായ 1,728/- രൂപ ആദായനികുതിയായി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടവാക്കേണ്ടതാണ്.

## 3-5 കമ്പോസ്റ്റ് യൂണിറ്റ് വിതരണം ചെയ്തില്ല - തുക തടസ്സപ്പെടുത്തുന്നു

നിർവഹണഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പ്രൊജക്ടിന്റെ നം. - എസ് 089/16;

പ്രൊജക്ടിന്റെ പേര് - കമ്പോസ്റ്റ് നിർമ്മാണം

അടങ്കൽ -1,89,000/- (വികസന ഫണ്ട്) , 9,48,600/-

(സംസ്ഥാനാവിഷ്കൃത ഫണ്ട്) , 720/- (തനത് ഫണ്ട്),

1,26,480/- (മറ്റുള്ളവ)

ചെലവ് - 7200/-(വികസന ഫണ്ട്) ,4800/- (മറ്റുള്ളവ)

1)ബിൽ നം. 11/16-'17 ; 27. 03 .'17 ; 6900 /-

2) ബിൽ നം. 12/16-'17 ; 27 . 03 .'17 ; 300 /-

2 മൺഭരണി , മണ്ണിര കമ്പോസ്റ്റ് , മണ്ണിരകൾ എന്നിവയടങ്ങിയ കമ്പോസ്റ്റ് യൂണിറ്റ് ഗുണഭോക്താക്കൾക്ക് നല്കുന്ന പ്രൊജക്ടാണിത്. ഒരു യൂണിറ്റിന് ഗുണഭോക്തൃവിഹിതം 200/- രൂപ, പഞ്ചായത്ത് വിഹിതം 300/- രൂപ, ശുചിത്വമിഷൻ നല്കുന്ന 1500/- രൂപ എന്നിങ്ങനെ 2000/- രൂപയാണ് വില . 24 യൂണിറ്റിന്റെ ഗുണഭോക്തൃവിഹിതമായ 4800/- രൂപയും പഞ്ചായത്ത് വിഹിതമായ 7200/- രൂപയും ഇ – പെയ്മെന്റ് മുഖേന കാക്കനാടുള്ള വിഎഫ്പിസികെ യ്ക്ക് നല്കിയിട്ടുണ്ട് . എന്നാൽ ഗുണഭോക്താക്കാക്കൾക്ക് ഇതുവരെ കമ്പോസ്റ്റ് യൂണിറ്റ് ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നല്കിയ എൻക്വയറിക്ക് ( നം . 11 ; 19 . 07 . '17 ) മറുപടി ലഭിക്കുകയുണ്ടായില്ല .

പദ്ധതിക്കായി ചെലവഴിച്ച 7200 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം./ ബിൽ നം. | മുൻകൂർ നൽ കിയ തുക |
|---|---|---|---|
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (9/17) | 134387 / 31.3.2017 | 36928 |
| കെഎസ്.ഇ.ബി | പോസ്റ്റ് മാറ്റിയിടൽ (08/17) | 28/14.3.17 | 16800 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (10/17) | 27/14.3.17 | 13230 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (06/17) | 19 /25.01.2017 | 20980 |
| കേരള വാട്ടർ അതോറിറ്റി | GCDA കുടിവെള്ള പൈപ്പ് ലൈൻ (04/17) | 149338 /05.01.2017 | 150000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (125/17) | 26/ 13.3.17 | 275000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ വലിക്കൽ (217/17) | 134388/ 31.3.17 | 21587 |
| എക്സിക്യൂട്ടീവ് ഡയറക്ടർ കേരള സാമൂഹ്യസുരക്ഷാമിഷൻ | കേരള സാമൂഹ്യസുരക്ഷാമിഷന് വിഹിതം അടയ്ക്കൽ (215/17) | 25/13.3.17 | 200000 |
| എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം | ഐ.കെ.എം.വിഹിതം അടയ്ക്കൽ (40/17) | 24/13.3.17 | 130723 |
| പ്രോജക്ട് ഓഫീസർ, എസ്.എസ്.എ | എസ്.എസ്.എ വിഹിതം അടയ്ക്കൽ (46/17) | 22/23.2.17 | 100000 |
| മാനേജർ, കെൽട്രോൺ, അരൂർ | സൗരോർജ്ജ പാനൽ സ്ഥാപിക്കൽ (131/17) | 29/13.3.17 | 498588 |
| എക്സിക്യൂട്ടീവ് ഡയറക്ടർ,പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം | ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (195/16) | 17//31.12.16 | 1600000 |
| ആകെ തുക | | | 30,63,836 |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവാക്കിയ 30,63,836/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയായില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ 195/16 നമ്പർ പ്രോജക്റ്റിന്റെ (പഞ്ചായത്തിന്റെ വിവിധ ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി) നടത്തിപ്പിലേക്കായി 31.12.2016 ൽ ബിൽ നമ്പർ17/16-17പ്രകാരം ₹1600000 തുക പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി പഞ്ചായത്ത് സെക്രട്ടറി 21.2.2017ൽ ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തി 31.3.2017നകം പൂർത്തീകരിക്കാമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് നടക്കുന്ന കാലയളവിലും (07/2017) പ്രവൃത്തി പൂർത്തിയായിട്ടില്ല. പൂർത്തീകരിക്കുവാൻ താമസം നേരിടുന്നതിനെപ്പറ്റി അധികൃതർ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗവുമായി യാതൊരു കത്തിടപാടുകളും നടത്തിയതായി കാണുന്നില്ല. മുൻകൂറുകൾ നൽകിക്കൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്ന അവസരങ്ങളിൽ, ആയത് കൃത്യസമയത്ത് തന്നെ പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസികൾ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാനും, സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് അധികൃതർ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-8 തെരുവ് വിളക്ക് അറ്റകുറ്റപ്പണി- ശരിയായ രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 03/17 |
| പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | ₹ 899232/-<br>(വൗച്ചർ നമ്പർ2900318 /30.7.16 – ₹419615/-<br>വൗച്ചർ നമ്പർ 2500793/05.01.17 – ₹449617/-) |

2015-16 ൽ ആരംഭിച്ച പദ്ധതിയാണിത്. പഞ്ചായത്തിലെ 21 വാർഡുകളിലെയും തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടി ₹1798470/-ന് ശ്രീ.വി.എം.അരുൺകുമാർ, വാലേപ്പറമ്പിൽ, പിറവം എന്നയാളുമായി 6.8.2015ലെ 3-ാം നമ്പർ എഗ്രിമെന്റ് പ്രകാരം AMC അടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയ പ്രോജക്റ്റാണിത്. തന്റെ വാർഡിലെ ഇത്രയെണ്ണം തെരുവ് വിളക്കുകൾ നന്നാക്കിയതായി പഞ്ചായത്ത് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി തുക നൽകുകയാണ് ചെയ്തുപോന്നിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ ഒരേ വിളക്കുകൾ തന്നെ റിപ്പയർ ചെയ്തതായിട്ടുള്ള സാക്ഷ്യപത്രമാണ് നൽകിയിട്ടുള്ളത്. ഉദാഹരണത്തിന്, 131 ട്യൂബ്ലൈറ്റുകളും 17 CFL ഉം ഉള്ള (സ്റ്റോക്ക രജിസ്റ്റർ പേജ് 83-ൽ, സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്രകാരം) വാർഡ് 1 ൽ 46 ട്യൂബ്ലൈറ്റുകളും 10 CFL ഉം നന്നാക്കയിതായി വാർഡ് മെമ്പറുടെസാക്ഷ്യപത്രം 9/2016 ലെ വൗച്ചറിൽ കാണുന്നു. എന്നാൽ 07/2016ലെ വൗച്ചറിൽ 48 ട്യൂബ്ലൈറ്റുകളും 12 CFL ഉം നന്നാക്കിയതിന്റെ സാക്ഷ്യപത്രമുണ്ട്. ഇവ തമ്മിൽ ഒത്തുനോക്കിയതിൽ, ഒരേ നമ്പറിലുള്ള ട്യൂബുകളും, CFL ഉം ആണ് നന്നാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുതന്നെയാണ് 21 വാർഡുകളിലും സംഭവിച്ചിട്ടുള്ളത്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കിഴക്കമ്പലം സാക്ഷ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം വാർഡ് 7 ൽ ഉൾപ്പെടുന്ന തെരുവ്

വിളക്കുകൾ വാർഡ് 8ലേതായാണ് 8-ാം വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. അതുപോലെതന്നെ വാർഡ് 8 ൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകൾ വാർഡ് 7ലേതായാണ് 7-ാം വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി ശരിയായ രീതിയിൽ മോണിട്ടർ ചെയ്യപ്പെടുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ഇത്തരം ബൃഹത് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് കോട്ടം വരാതെയും, പൊതുജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന രീതിയിലും ആവിഷ്കരിച്ച്, ശരിയായ രീതിയിൽ മോണിട്ടർ ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 തുക മുൻകൂറായി നല്കിയെങ്കിലും മരുന്ന് ലഭ്യമായിട്ടില്ല

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S00 81/17 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ, എടത്തല |
| തുക | 4,00,000 |
| ബിൽ നമ്പർ | 01/16-17, 28.10.2016 |
| ഡി.ഡി.നമ്പർ/തീയതി | 148036/28.10.2016 |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള സംസ്ഥാന ഹോമിയോപ്പതിക് ഫാർമസി, ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 4,00,000 രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ 136740/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 2,63,260/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0085/17 |
| പ്രോജക്ടിന്റെ പേര് | മുതിരക്കാട്ടുമുകൾ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹോമിയോ മെഡിക്കൽ ഓഫീസർ,എടത്തല |
| തുക | 1,00,000 |
| ബിൽ നമ്പർ | 01/16-17,28.10.2016 |
| ഡി.ഡി.നമ്പർ/തീയതി | 148037/28.10.2016 |

ഗ്രാമപഞ്ചായത്തിലെ മുതിരക്കാട്ടുമുകൾ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള സംസ്ഥാന ഹോമിയോപ്പതിക് ഫാർമസി, ആലപ്പുഴയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 1,00,000 രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ 44905/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 55,095/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 3-10 കൂടുതൽ വിസ്തീർണ്ണത്തിൽ വീട് പണി പൂർത്തീകരിച്ചു

പ്രൊജക്ട് നം. - എസ് 026 / 17

പ്രൊജക്ടിന്റെ പേര് - ജവഹർലാൽനെഹ്റു ഭവനനിർമ്മാണ പദ്ധതി

അടങ്കൽ -633800/-(ധനകാര്യകമ്മീഷൻ അവാർഡ്),1366200/-(തനത് ഫണ്ട്)

ചെലവ് - 1320000/- ( 633800 + 626200 )

ബിൽ നം. 1 / 16-17 ; 25 . 10 . 2016 ; 633800 /-

(ധനകാര്യകമ്മീഷൻ അവാർഡ്)

ചെക്ക് നം . 1) 8800119 ; 10 . 01 . 2017 ; 4,26,200 /-

2) 590656 ; 30 . 01 . 2017 ; 1,40,000 /-

3) 590658 ; 14 . 03 . 2017 ; 20,000 /-

4) 590659 ; 14 . 03 . 2017 ; 20,000 /-

5) 590660 ; 21 . 03 . 2017 ; 20,000 /-

ആകെ - 626200 /- (തനത് ഫണ്ട്)

വി ഇ ഒ നിർവഹണ ഉദ്യോഗസ്ഥനായി 2016 -2017 സാമ്പത്തികവർഷത്തിൽ വനിതകൾക്കായി ജവഹർലാൽ നെഹ്റു ഭവന നിർമ്മാണപദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . സ്വന്തമായുള്ള സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് 2 ലക്ഷം രൂപ സാമ്പത്തികസഹായം നല്കുന്ന ടി പ്രൊജക്ടിലെ താഴെ പറയുന്ന 3 പേർ സർക്കാർ മാനദണ്ഡങ്ങളെ മറികടന്ന് കൂടുതൽ വിസ്തീർണ്ണത്തിൽ (അനുവദനീയമായ വിസ്തീർണ്ണം – 66 ച.മീ. 25%) വീട് പണി പൂർത്തീകരിച്ചുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ 26.12.'16 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

1) സജ്ന . പി . എസ് , കിഴക്കമ്പിള്ളി വീട് , ചാലേപ്പിള്ളി , വാർഡ് 19 – 118.68 ച. മീ

2) സൈനബ അലി , ഉള്ളാടത്ത് വീട് , എരുമത്തല , വാർഡ് 4 – 108.59 ച.മീ.

3) ഷെമീറ ജബ്ബാർ , കല്ലുവെട്ടിപറമ്പിൽ , എടത്തല , വാർഡ് 6 – 97.32 ച.മീ.

മൂന്ന് പേരും 1,80,000 /- രൂപ ധനസഹായം കൈപ്പറ്റിയിട്ടുള്ളവരാണ് . ഇവരിൽ നിന്നും തുക തിരികെ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ( നം . 3 ; 18 . 07 . '17 ) നിയമലംഘനം നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടും വീട്ടുപണിയുടെ അവസാനഘട്ടമായതിനാലും പിന്നിട്ട ഘട്ടങ്ങളിൽ നിയമാനുസൃതം പണിതിട്ടുള്ളതിനാലും കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടെന്നും തുടർന്നുള്ള തുക അനുവദിക്കേണ്ടെന്നുമാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചത് എന്നാണ് മറുപടി നല്കിയത് . പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി പുരോഗതിയുടെ ഓരോ ഘട്ടത്തിലും നിർവഹണ ഉദ്യോഗസ്ഥൻ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും കരാർ നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് . ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 സൗരോർജ്ജ പാനൽ സ്ഥാപിക്കൽ - പ്രവൃത്തിക്കായി പണം ചെലവാക്കുന്നതിനോടൊപ്പംതന്നെ വൈദ്യുതി ചാർജ്ജും നല്കിപ്പോരുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ "സൗരോർജ്ജ പാനൽ സ്ഥാപിക്കൽ" എന്ന 131/17-ാം നമ്പർ

പ്രോജക്റ്റിന്റെ പൂർത്തീകരണത്തിലേക്കായി രൂ. 498588/- ബിൽ നമ്പർ 29/13.3.17പ്രകാരം പിൻവലിച്ച് മാനേജർ, കെൽട്രോൺ, അരൂരിന് നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവ് വരുന്ന തുക ലാഭിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യമെങ്കിലും, പ്രവൃത്തിയുടെ പൂർത്തീകരണം എങ്ങുമെത്താത്തതിനാൽ, നിലവിൽ ഈ പദ്ധതിക്കായി ചെലവാക്കിയ തുകയ്ക്ക് പുറമെ, ഭീമമായ വൈദ്യുതി ചാർജ്ജും പഞ്ചായത്ത് അടയ്ക്കേണ്ട അവസ്ഥയാണുള്ളത്. നിർവ്വഹണ ഏജൻസിക്ക് മുൻകൂർ തുക നൽകിക്കൊണ്ട് പ്രവൃത്തിയിലേർപ്പെടുന്ന അവസരങ്ങളിൽ, സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിന് ഏജൻസി നിർബന്ധിതമാകുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നതിനും, ചെലവ് ചെയ്യുന്ന തുകയ്ക്ക് ആനുപാതികമായ നേട്ടം സ്ഥാപനത്തിന് ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അധികൃതർ ജാഗ്രത പാലിക്കേണ്ടതാണ്.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം

| ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 75000 | കാലിത്തീറ്റ സബ്സിഡി | 75000 |
| ജില്ലാ പഞ്ചായത്ത് | 18984 | കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് | 18984 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (9/17) | 134387 / 31.3.2017 | 36928 | 0 | 36928 |
| കെഎസ്. ഇ.ബി | പോസ്റ്റ് മാറ്റിയിടൽ(08/17) | 28/14.3.17 | 16800 | 0 | 16800 |
| കെഎസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (10/17) | 27/14.3.17 | 13230 | 0 | 13230 |
| കെഎസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ (06/17) | 19/25.01.2017 | 20980 | 0 | 20980 |
| കേരള വാട്ടർ | GCDA കുടിവെള്ള | 149338 | 150000 | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | പൈപ്പ് ലൈൻ (04/17) | /05.01.2017 | | | |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (125/17) | 26/13.3.17 | 275000 | 0 | 275000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ വലിക്കൽ (217/17) | 134388/ 31.3.17 | 21587 | 0 | 21587 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,03,30,036 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ മാത്രം) | 9,19,355 |
| ആകെ | 1,12,49,391 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,12,49,391 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| രസീത് നം. 18856/E, എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 7673804 |
| രസീത് നം. 18857/E, എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 509726 |
| രസീത് നം. 18854/E, എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 3065861 |
| ആകെ | 1,12,49,391 |

ബാലൻസ്ഷീറ്റ് പ്രകാരം 11460317 രൂപയാണ് നീക്കിയിരുപ്പ് തുക വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 13085രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2014-15 | 3-3 | 7190 | സ്റ്റീഫൻ കെ.കെ അസി.എഞ്ചിനീയർ | 11606100646/19.4.2016 |
| 2002-03 | 2(8) | 386 | അബൂബക്കർ.പി.എ | 11606105756/06.10.2016 |

| | | | | |
|---|---|---|---|---|
| 2015-16 | 2-3 | 60 | പി.പി.അബ്രഹാം | 116061088012/15.12.2016 |
| 2015-16 | 2-3 | 120 | ലളിതാംബിക | 116061088067/16.12.2016 |
| 2015-16 | 2-3 | 150 | സുമ രാജൻ | 116061088078/16.12.2016 |
| 1995-96 | 11 | 5179 | എം.എച്ച്. അബ്ദുൾ സലാം | 11606106426/29.10.2016 |
| | | 13085 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനകളുടെ ഭൗതിക സൗകര്യ വികസനം | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാ വലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പി ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം,

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65977869.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48703284.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 8820 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1728 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5077873 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചെലവിനങ്ങളിലുള്ള നഷ്ടം | വരവിനങ്ങളിലുള്ള നഷ്ടം | ഉത്തരവാദിയായ ആൾ |
|---|---|---|---|
| 2-1 (a) | -- | 8820 | ശ്രീമതി. സീന. പി.വി. സെക്രട്ടറി |
| 2-2 | -- | 10000 | ശ്രീമതി. സീന. പി.വി. സെക്രട്ടറി |
| ആകെ | | 18820 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 922772 | ശ്രീ സ്റ്റീഫൻ കെ.കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 848582 | ശ്രീമതി. സീന.പി.വി സെക്രട്ടറി |
| 3-3 | 235483 | ശ്രീ സ്റ്റീഫൻ കെ.കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 7200 | ശ്രീ വി.പി സുധീശൻ കൃഷി ഓഫീസർ |
| 3-6 | 20980 | ശ്രീമതി.സുഷമ കുമാരി സെക്രട്ടറി |
| | 150000 | ശ്രീമതി. സിന്ധു.പി. സെക്രട്ടറി |
| | 2892856 | ശ്രീമതി. സീന.പി.വി സെക്രട്ടറി |
| ആകെ | 5077873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1728 | ഡോ. അഞ്ജുഅലക്സ് , മെഡിക്കൽ ഓഫീസർ(PHC) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1 (ബി)

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.കെ.സ്റ്റീഫൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എടത്തല ഗ്രാമപഞ്ചായത്ത് | കണ്ണേകുത്ത് ഹൗസ്, ഏഴിക്കര പി.ഒ, പള്ളിയാക്കൽ, നോർത്ത് പറവൂർ |
| ശ്രീ വി.പി സുധീശൻ | കൃഷി ഓഫീസർ എടത്തല ഗ്രാമപഞ്ചായത്ത് | പത്മശ്രീ , വലിയപറമ്പിൽ ഹൌസ്, പൂണിത്തുറ, എറണാകുളം. |
| ശ്രീമതി. സിന്ധു.പി. സെക്രട്ടറി | സെക്രട്ടറി, എടത്തല ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം. ബി4, ഡയമണ്ട് ടവർ, പെരുമാനൂർ, തേവര |
| ശ്രീമതി. സീന.പി.വി സെക്രട്ടറി | സെക്രട്ടറി, എടത്തല | പഴമടത്തി വീട്, പള്ളുരുത്തി, കൊച്ചി |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | |
| ശ്രീമതി.സുഷമ കുമാരി സെക്രട്ടറി | സെക്രട്ടറി, എടത്തല ഗ്രാമപഞ്ചായത്ത് | ദീപാലയം, അന്ധകാരനഴി, ചേർത്തല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)51/97/20.4.98 |
| 1997-98 | എൽ.എഫ്.ഇ.(പി.5)956/98/6.1.00 |
| 1998-99 | എൽ.എഫ്.ഇ.(പി.5)218/01/12.9.01 |
| 1999-00 | എൽ.എഫ്.ഇ.(പി.5)164/02/2.11.02 |
| 2000-01 | എൽ.എഫ്.ഇ.(പി.5)165/02/12.12.02 |
| 2001-02 | എൽ.എഫ്.ഇ.(പി.5)1252/03/5.2.04 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)205/05/10.1.07 |
| 2002-03വരവ് | എൽ.എഫ്.ഇ.(പി.5)1082/07/7.4.08 |
| 2003-04 | എൽ.എഫ്.ഇ.(പി.5)2028/08/10.11.09 |
| 2004-05 | എൽ.എഫ്.ഇ.(പി.5)2029/08/10.11.09 |
| 2005-06 | എൽ.എഫ്.ഇ.(പി.5)1670/09/31.12.10 |
| 2006-07 | എൽ.എഫ്.ഇ.(പി.5)1671/09/31.12.10 |
| 2007-08 | എൽ.എഫ്.ഇ.(പി.5)1591/11/16.7.12 |
| 2008-09 | എൽ.എഫ്.ഇ.(പി.5)1592/11/16.7.12 |
| 2009-10 | എൽ.എഫ്.ഇ.(പി.5)152/11/14.10.11 |
| 2010-11 | എൽ.എഫ്.ഇ.(പി.5)2151/11/9.1.12 |
| 2011-12 | എൽ.എഫ്.ഇ.(പി.5)1051/13/19.7.13 |
| 2012-13 | എൽ.എഫ്.ഇ.(പി.5)1612/14/1.11.14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.5)2044/15/04.01.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.5)1984/16/08.12.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി10)1502/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ ,കാക്കനാട് -682030
ഫോൺ: 0484 2422271
email:doekm.ksad@kerala.gov.in

തീയതി:26.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്,1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 1-3ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIXI

AUDIT CERTIFICATE 2016-17

No.KSA-EKM(P10)1502/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad 682030
Phone 0484-2422271
e-mail:doekm.ksad@kerala.gov.in

Date:26.9.2017

Certified that I have audited the Annual Financial Statement of EDATHALA Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of EDATHALA Grama Panchayat for the Financial Year 2016-17 except the observations para 1-3 of in my audit report properly presents the picture of income and expenditure.

Deputy Director